# കുവൈറ്റ് മലങ്കര റീത്ത്മൂവ്മെൻറ്

പ്രിയ കെ.എം.ആർ.എം അംഗങ്ങളെ,
സാമ്പത്തികമായി വേദനിക്കുന്ന സഹോദരങ്ങൾക്ക് നാട്ടിലും കുവൈറ്റിലും താങ്ങും തണലുമായി 10–ാം വർഷത്തിൽ നാം തുടക്കം കുറിച്ച സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വന കുവൈറ്റ്, ഈ വർഷം നടപ്പാക്കുന്ന പദ്ധതി കലാലയ സാന്ത്വന–2012 എന്നത് കർമ്മരേഖയിലൂടെ അറിഞ്ഞിരിക്കുമല്ലോ. മുൻ വർഷങ്ങളിലെ താങ്കളുടെ ആത്മാർഥമായ സഹകരണം നന്ദിയോടെ സ്മരിച്ചുകൊണ്ട് **കലാലയ സാന്ത്വന–2012** വിജയകരമായി നടപ്പിലാക്കാൻ നമ്മുക്കൊന്നിച്ച് പരിശ്രമിയ്ക്കാം.

## മുൻ വർഷങ്ങളിൽ നടപ്പാക്കിയ ക്ഷേമപദ്ധതികൾ

- ജാതി മത ചിന്തകൾക്കതീതമായി ഭവനരഹിതർക്ക് തണലേകികൊണ്ട് എല്ലാ രൂപതയിലും നടപ്പാക്കിയ ഭവന പദ്ധതി .. .. .. .. **പാർപ്പിട സാന്ത്വന**
- സാമ്പത്തിക പരാധീനതയിൽ വിവാഹജീവിതം ഒരു സ്വപ്നമായി കണ്ടിരുന്ന ഏറെ യുവമിഥുനങ്ങൾക്ക് സ്വപ്നസാക്ഷാത്ക്കാരമായി എല്ലാ രൂപതയിൽ നിന്നും തിരഞ്ഞെ ടുക്കപ്പെട്ടവർക്കായി നടപ്പാക്കിയ സ്വപ്നപദ്ധതി.. .. .. .. **മംഗല്യ സാന്ത്വന.**
- വിവിധ രോഗങ്ങളാൽ ക്ളേശിക്കുന്നവർക്കും അംഗവൈകല്യം സംഭവിച്ചവർക്കും വേണ്ടി ഏർപ്പെടുത്തിയ ക്ഷേമ പദ്ധതി.. .. .. .. .. **കാരുണ്യ സാന്ത്വന**
- സാമ്പത്തിക ക്ളേശം ജീവിത താളം തെറ്റിക്കുമ്പോൾ കുടുംബങ്ങൾക്ക് ആശ്വാസവും, കരുതലുമേകിയ പദ്ധതി.. .. .. .. .. **സ്നേഹ സാന്ത്വന**
- സാമ്പത്തിക പരാധീനത ഉപരിപഠന/തൊഴിലധിഷ്ഠിത പഠനത്തിന് വിലങ്ങുതടിയാകു മ്പോൾ തുടർപഠനത്തിന് വാതായനം തുറന്നുകൊണ്ട് വിവിധ വർഷങ്ങളിൽ നടപ്പാക്കിയ വിദ്യാഭ്യാസ സഹായ പദ്ധതി .. .. .. .. .. **കലാലയ സാന്ത്വന**

## ഈ വർഷം നടപ്പാക്കുന്നു *കലാലയ സാന്ത്വന–2012*

- ഒരു രൂപതയിൽ കുറഞ്ഞത് 3 കുട്ടികൾക്ക് സഹായം
- ഒരു രൂപതയിൽ കുറഞ്ഞത് 75000 രൂപ വീതം സഹായം
- ജനറൽ നേഴ്സിംഗ്/Bsc നേഴ്സിംഗ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും
- MCA കേന്ദ്രനേതൃത്വം,രൂപത MCA ഘടകങ്ങൾ വഴി അപേക്ഷകരെ കണ്ടെത്തുന്നു
- സഭയിലെ 8 രൂപതകളിലും പദ്ധതി നടപ്പാക്കുന്നു.
- കെ.എം.ആർ എം അംഗങ്ങൾക്ക് സ്വന്തം ഇടവകയിൽ അക്ഷേപഫോറം എത്തിയ്ക്കായ്ക്കാൻ അവസരം
- മോറാൻ മാർ ബസ്സേലിയോസ്സ് വിദ്യാശ്രീ പുരസ്ക്കാരം വഴി 1 ലക്ഷം
- ഒരു കുട്ടിയെ / ഒരു രൂപതയെ സ്പോൺസർ ചെയ്യാൻ അവസരം

പങ്കുവെയ്ക്കലിൻെറ ക്രൈസ്തവ സാക്ഷ്യത്തിൽ പങ്കാളികളാകു വാൻ ഏവരേയും ആഹ്വാനം ചെയ്തുകൊണ്ട്

**റവ.ഫാ. ജോൺ പടിപ്പുരയ്ക്കൽ (ആത്മീയപിതാവ്)**

| **രാജൻ തോട്ടത്തിൽ** | **ഏബ്രഹാം മുളമൂട്ടിൽ** | **ലിജു പാറയ്ക്കൽ** |
|---|---|---|
| പ്രസിഡൻറ് | സെക്രട്ടറി | ചാരിറ്റി കൺവീനർ |